**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1599** **11-10-2024 - ൽ മറുപടിയ്ക്ക്**

**അഗ്രിപാർക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷകർക്കും കാർഷിക മേഖലയ്ക്കും പുതിയ ഉണർവ്വും പുത്തൻ സാധ്യതകളും അവസരങ്ങളും ലഭ്യമാക്കാൻ ലക്ഷ്യമിട്ട് അത്യാധുനിക സൗകര്യങ്ങളോടുകൂടിയ അഗ്രിപാർക്ക് സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കാബ്കോ എക്സ്പോ സെന്റർ & അഗ്രി പാർക്ക് എന്ന് നാമകരണം ചെയ്തിരിക്കുന്ന അത്യാധുനിക സൗകര്യങ്ങളടങ്ങിയ എക്സിബിഷൻ സെന്ററും പൊതു ആസ്ഥാന മന്ദിരവും തിരുവനന്തപുരം ആനയറയിലുള്ള കാർഷിക നഗര മൊത്ത വ്യാപാര വിപണി വളപ്പിൽ നിർമ്മാണം ആരംഭിക്കുകയാണ്. എറണാകുളം മരടിലും, കോഴിക്കോട് വേങ്ങേരിയിലും എക്സിബിഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന അഗ്രോ പാർക്കുകളും മേൽ അഗ്രി പാർക്കുകളും പ്രവർത്തന സജ്ജമാകുന്നതോടെ കാർഷിക മേഖലയിൽ പുത്തൻ സാധ്യതകളും അവസരങ്ങളും വർദ്ധിക്കും.<br><br>എക്സിബിഷൻ സെന്ററുകൾ പ്രവർത്തനമാരംഭിക്കുന്നതോടെ ദേശീയ/ അന്തർദേശീയ തലത്തിലുള്ള എക്സിബിഷനുകൾ സംഘടിപ്പിക്കുവാനും കർഷകരുടെ മൂല്യവർധിത ഉത്പ്പന്നങ്ങൾക്ക് ദേശീയ/അന്തർദേശീയ വിപണി കണ്ടെത്തുവാൻ സാദ്ധ്യമാകുകയും ചെയ്യും. മേൽ എക്സിബിഷൻ സെന്ററുകളുടെയും അഗ്രിപാർക്കുകളുടെയും നടത്തിപ്പ് ചുമതല കേരള അഗ്രോ ബിസിനസ്സ് കമ്പനിയിൽ നിക്ഷിപ്തമാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി പ്രദർശന സെന്റർ, അഗ്രി ടവർ എന്നിവ ഒരുക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. കാബ്കോ എക്സ്പോ സെന്റർ & അഗ്രി പാർക്ക് എന്ന് നാമകരണം ചെയ്തിരിക്കുന്ന അത്യാധുനിക സൗകര്യങ്ങളടങ്ങിയ എക്സിബിഷൻ സെന്ററും പൊതു ആസ്ഥാന മന്ദിരവും തിരുവനന്തപുരം ആനയറയിലുള്ള കാർഷിക നഗര മൊത്ത വ്യാപാര വിപണി വളപ്പിൽ നിർമ്മാണം ആരംഭിക്കുകയാണ്. എറണാകുളം മരടിലും, കോഴിക്കോട് വേങ്ങേരിയിലും |

| | | | |
|---|---|---|---|
| | | | എക്സിബിഷൻ സെൻ്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന അഗ്രോ പാർക്കുകളും മേൽ അഗ്രി പാർക്കുകളും പ്രവർത്തന സജ്ജമാകുന്നതോടെ കാർഷിക മേഖലയിൽ പുത്തൻ സാധ്യതകളും അവസരങ്ങളും വർദ്ധിക്കും.<br><br>എക്സിബിഷൻ സെൻ്ററുകൾ പ്രവർത്തനമാരംഭിക്കുന്നതോടെ ദേശീയ/ അന്തർദേശീയ തലത്തിലുള്ള എക്സിബിഷനുകൾ സംഘടിപ്പിക്കുവാനും കർഷകരുടെ മൂല്യവർധിത ഉത്പ്പന്നങ്ങൾക്ക് ദേശീയ/അന്തർദേശീയ വിപണി കണ്ടെത്തുവാൻ സാദ്ധ്യമാകുകയും ചെയ്യും. മേൽ എക്സിബിഷൻ സെൻ്ററുകളുടെയും അഗ്രിപാർക്കുകളുടെയും നടത്തിപ്പ ചുമതല കേരള അഗ്രോ ബിസിനസ്സ് കമ്പനിയിൽ നിക്ഷിപ്തമാണ്. |
| (സി) | പ്രാദേശിക കലാകാരൻമാർ ഉൾപ്പെടെയുള്ളവർക്ക് പ്രോത്സാഹനം നൽകി സന്ദർശകരെ ആകർഷിച്ച് വിനോദസഞ്ചാരം വർദ്ധിപ്പിക്കുക എന്നതുകൂടി ഈ പദ്ധതിയുടെ ലക്ഷ്യമായി വിഭാവനം ചെയ്തിട്ടുണ്ടോ; പദ്ധതിയുടെ മറ്റ് ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ? | (സി) | കാർഷിക സാങ്കേതിക വിദ്യകൾ, വിള പരിപാലനം, സുസ്ഥിര കൃഷിരീതികൾ തുടങ്ങിയവയുടെ പ്രദർശനങ്ങൾ, B2B മീറ്റുകൾ, ശിൽപശാലകൾ, കോൺഫറൻസുകൾ എന്നിവ എക്സിബിഷൻ സെൻ്റർ മുഖേന സംഘടിപ്പിക്കുവാൻ സാധിക്കുന്നതാണ്. ഇതു കൂടാതെ എക്സിബിഷൻ സെൻ്റർ മുഖേന ദേശീയ അന്തർദേശീയ കാർഷിക മേളകളുടെ ഭാഗമായി പ്രാദേശിക കലാകാരന്മാരെ ഉൾകൊള്ളിച്ചുകൊണ്ടുള്ള കലാപരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.<br><br>കാർഷിക ഉൽപന്നങ്ങൾ സംസ്കരിക്കുന്നതിനും മൂല്യ വർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുമുള്ള സംവിധാനം ഒരുക്കുക എന്നതാണ് അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിലൂടെ ലക്ഷമിടുന്നത്. കൂടാതെ അഗ്രിപാർക്കുകളിൽ ഉല്പാദിപ്പിക്കുന്ന മൂല്യവർധിത ഉല്പന്നങ്ങൾ ‘കേരളാഗ്രോ’ ബ്രാൻഡിലൂടെ വിപണനം ചെയ്യുവാൻ ഉദ്ദേശിക്കുന്നു.കാർഷിക മേഖലയിലെ അത്യാധുനിക സാങ്കേതികവിദ്യകൾ പ്രദർശിപ്പിക്കുന്ന തിലൂടെയും, വിജ്ഞാന കൈമാറ്റം സുഗമമാക്കുന്നതിലൂടെയും കർഷകരെയും, കാർഷിക സംരഭകരെയും ശാക്തീകരിക്കാനും ഈ പദ്ധതി മുഖേന ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ